(ഡി) അക്രമികൾക്കെതിരായി നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

78 (1674) ഡി.വൈ.എഫ്.ഐ. പ്രവർത്തകരുടെ കാട്ടാക്കട പോലീസ് സ്റ്റേഷൻ ഉപരോധം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ 28-ാം തീയതി ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കാട്ടാക്കട പോലീസ് സ്റ്റേഷൻ ഉപരോധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർ എസ്.ഐ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടന്ന അക്രമസംഭവങ്ങൾ വിശദീകരിക്കുമോ;

(സി) ഈ സംഭവത്തിന്റെ പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കെല്ലാമെതിരെയാണ് കേസ്സെടുത്തിട്ടുള്ളത്;

(ഇ) അവരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 77/99-ാം നമ്പർ കേസ്സിലെ പ്രതിയായ ഷിബുവിനെ 28.11.1999-ന് വൈകിട്ട് 6.30-ന് കാട്ടാക്കട എസ്.ഐ. യും പാർട്ടിയും അറസ്റ്റുചെയ്തു. ഇതിൽ പ്രതിഷേധിച്ച് ഒരു സംഘം ആളുകൾ സ്റ്റേഷൻ പരിസരത്തു തടിച്ചുകൂടി. പോലീസും നാട്ടുകാരും തമ്മിൽ സംഘർഷമുണ്ടായി. അതെ തുടർന്ന് ക്രൈം 360/99 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരുന്നു. കേസ്സിൽ പ്രതികളായ 2 പേരെ പോലീസ് അറസ്റ്റു ചെയ്തു. മറ്റു 3 പേർ കോടതിയിൽ ഹാജരാകുകയും ചെയ്തു. പ്രതികളെ കോടതി റിമാന്റു ചെയ്യുകയും പിന്നീട് ജാമ്യത്തിൽ പോകുകയും ചെയ്തിട്ടുണ്ട്.

79 (1675) മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സ്

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 493/98 എന്ന കേസ്സിന് ആസ്പദമായ പരാതി നൽകിയത് ആരാണ്;

(ബി) പരാതിയിൽ പ്രതികളെ സംബന്ധിച്ച വിവരണം കൊടുത്തിട്ടുണ്ടായിരുന്നോ;

(സി) എങ്കിൽ അവരുടെ പേരിൽ നടപടികൾ സ്വീകരിക്കാത്തതെന്ത് എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഞ്ചേരി ജില്ലാ ഗവൺമെന്റ് ആശുപത്രിയിലെ മെഡിക്കൽ ആഫീസർ ഡോക്ടർ മുഹമ്മദ് അഷ്റഫ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

80 (1676) ഏനാത്ത് മഹാദേവർ ക്ഷേത്രത്തിലെ പഞ്ചലോഹ വിഗ്രഹ കവർച്ച

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ ഏഴംകുളം പഞ്ചായത്തിൽ ഏനാത്ത് മഹാദേവർ ക്ഷേത്രത്തിൽനിന്നും പഞ്ചലോഹവിഗ്രഹം കവർച്ച ചെയ്തത് സംബന്ധിച്ച് അടൂർ പോലീസ് എടുത്ത കേസിന്റെ അന്വേഷണം ഏതു ഘട്ടം വരെ എത്തി.

(ബി) പ്രസ്തുത കേസ്സിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അടൂർ പോലീസിൽ നിന്നും കോട്ടയം ക്രൈംബ്രാഞ്ച് കേസ്സ് ഏറ്റെടുത്ത് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നു.

(ബി) പ്രതികൾ ആരെന്ന് വെളിവായിട്ടില്ലാത്തതിനാൽ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

81 (1677) തിരുവനന്തപുരം നഗരത്തിൽ പോലീസ് റോന്തു ചുറ്റൽ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിൽ രാത്രി എത്ര സമയംവരെ പോലീസ് റോന്തുചുറ്റൽ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ രാത്രികാലങ്ങളിലെ ക്രമസമാധാന രംഗം ഭദ്രമാക്കുന്നതിന് പോലീസ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തമ്പാനൂർ ബസ് സ്റ്റാന്റ് മുതൽ കിഴക്കേക്കോട്ട ബസ് സ്റ്റാന്റു വരെ ഇപ്പോൾ രാത്രി മുഴുവൻ സമയവും പോലീസ് റോന്തു ചുറ്റൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) നഗരത്തിൽ രാത്രികാല പോലീസ് റോന്തുചുറ്റൽ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly